PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

First Session—1956.

Tuesday, the 28th February, 1956.

Vol. XV.] OFFICIAL REPORT [No. 2

LIBRARY ARCHIVES Kerala Legislative Assembly

The Assembly met in the Assembly Chamber, Trivandrum, at Eight of the Clock on Tuesday, the 28th February, 1956, with Mr. Speaker in the Chair.

Obituary Reference.

MR. SPEAKER : It is with feelings of immense regret that I have to announce to the House the sad demise of Shri G. V. Mavlankar, Speaker of Lok Sabha. Everyone will agree that his loss at the present juncture is irreparable both to the country at large and the building up of parliamentary democracy. Ever since he was elected President of the Central Assembly in 1946 after an exciting contest, Shri Mavlankar has been constantly in the public eye. People in Bombay knew him earlier, as an upright and impartial Speaker in the Bombay Assembly. His career as a lawyer to a great extent helped him to realise his aim of social service and justice. With the ushering in of independence he had been presiding over Parliament and the development of that institution in conformity with the provisions of the Constitution has the impress of his personality and his ideals of Parliamentary Government. It is no gainsaying the fact that so far as India is concerned he is the father of Parliamentary democracy who has striven his utmost to build it on sound lines. Before I put the resolution, Members may associate themselves with me.

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): സർ, കേന്ദ്ര പാർലമെൻറിലെ ബഹുമാനപ്പെട്ട സ്പീക്കർ മൗലങ്കറുടെ നിര്യാണം ഭാരതത്തിനു ഒരു ധീരാത്ത നഷ്ടമാണെന്നായിട്ടുള്ളതു്. എനിക്കു അദ്ദേഹത്തിനെ നേരിട്ടു പരിചയമുണ്ടു്. അദ്ദേഹം ഇടക്കാല പാർലമെൻറ് (Interim Parliament) സ്പീക്കർ ആയിരുന്ന സന്ദർഭത്തിൽ ഞാൻ പാർലമെൻറിലെ ഒരംഗമായി സേവനം അനുഷ്ഠിച്ചിട്ടുണ്ടു്. ആ കാലത്തു ഒരു സ്പീക്കറെന്ന നിലയിൽ, അദ്ദേഹം പ്രകടിപ്പിച്ചിരുന്ന അനിതരസാധാരണമായ ബുദ്ധിവൈഭവവും, കൃത്യനിഷ്ഠയും, ഏതു പ്രശ്നത്തിനും ഉടനടി പരിഹാരമുണ്ടാക്കാനുള്ള അസാധാരണമായ കഴിവും, പാർലമെൻറിലെ എല്ലാ അംഗങ്ങളേയും അത്ഭുതപരതന്ത്രരാക്കിയിട്ടുണ്ടു്.

സർ, അങ്ങു് ഈ സഭയിൽ അനുസ്മരിപ്പിച്ചതുപോലെ സമർത്ഥനായ ഒരു അഭിഭാഷകൻ എന്ന നിലയിൽ അദ്ദേഹം ബഹുജനങ്ങളുടെ ഇടയിൽ കീർത്തി ആർജ്ജിച്ചിട്ടുള്ള ഒരു വ്യക്തിയാണു്. അദ്ദേഹം ബോംബെ അസംബ്ലിയിലെ സ്പീക്കറായി കുറെ കാലം സേവനം അനുഷ്ഠിക്കുകയുണ്ടായി. സ്വാതന്ത്ര്യം ലഭിക്കുന്നതിനു മുൻപു നടന്ന തെരഞ്ഞെടുപ്പിൽ അദ്ദേഹം കേന്ദ്ര അസംബ്ലിയിലെ ഒരംഗമായി തെരഞ്ഞെടുക്കപ്പെട്ടു. അക്കാലത്തെ കേന്ദ്ര അസംബ്ലി ഇന്നത്തെ പാർലമെൻറുപോലെ ഉള്ളതായിരുന്നില്ല. അതായതു്; സാമാന്യ നിയോജകമണ്ഡലങ്ങളിലും, വർഗ്ഗീയനിയോജകമണ്ഡലങ്ങളിലും നിന്നു് തെരഞ്ഞെടുക്കപ്പെട്ട കുറെ അംഗങ്ങളും ബ്രിട്ടീഷ് ഗവണ്മെൻറു നാമനിർദ്ദേശം ചെയ്ത കുറെ അംഗങ്ങളും, ഇതു കൂടാതെ ബ്രിട്ടീഷ് ഗവണ്മെൻറിൻറെ കുറെ ഉദ്യോഗസ്ഥന്മാരും അടങ്ങിയ ഒരു സഭയായിരുന്നു ആ കാലത്തെ കേന്ദ്ര അസംബ്ലി. ആ അസംബ്ലിയിൽ കാൺഗ്രസ്സ് പാർട്ടിയിലെ ഒരംഗമെന്ന നിലയിലാണു് ശ്രീ. മൗലങ്കർ പ്രവർത്തനം നടത്തിയതു്. അന്നു് കാൺഗ്രസ്സ് പാർട്ടിക്കു് ഒരു തീകുറഞ്ഞ ഭൂരിപക്ഷം അസംബ്ലിയിൽ ഉണ്ടായിരുന്നില്ല. എന്നിട്ടും ശ്രീ. മൗലങ്കർ ആ അസംബ്ലിയിലെ സ്പീക്കർ സ്ഥാനത്തേക്കു മൽസരിച്ചു്, വളരെ അത്ഭുതകരമായ വിധത്തിൽ വിജയം വരിക്കുകയാണുണ്ടായതു്. സ്വാതന്ത്ര്യസൂര്യോദയം ഉണ്ടാകുന്ന ആ സന്ദർഭത്തിൽ പല സെക്ഷനുകളിലും ഉള്ള മെംബറന്മാർ ഒത്തൊരുമിച്ചു് അദ്ദേഹത്തിനു ഓട്ടു നൽകിയതുകൊണ്ടാണു് അദ്ദേഹം സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ടതു്. അദ്ദേഹം കേന്ദ്ര അസംബ്ലിയിലെ സ്പീക്കറായിരിക്കുമ്പോൾ ഇൻഡ്യക്കു സ്വാതന്ത്ര്യം ലഭിക്കുകയും, ഒരു കാൺസ്റ്റിറ്റ്യുവൻറ് അസംബ്ലി പ്രവർത്തിക്കാൻ തുടങ്ങുകയും ചെയ്തു. ആ കാൺസ്റ്റിറ്റ്യുവൻറ് അസംബ്ലി പ്രവർത്തിക്കാൻ തുടങ്ങിയ അവസരത്തിൽ ആ അസംബ്ലിയിൽ വച്ചുതന്നെ ഒരു "ഇൻറിം പാർലമെൻറ്" രൂപീകരിക്കുമെന്നു തീരുമാനിക്കപ്പെട്ടു. "ഇൻറിം പാർലമെൻറിലെ" പ്രസിഡൻറായി ശ്രീ. രാജേന്ദ്രപ്രസാദിനെ തെരഞ്ഞെടുത്തപ്പോൾ സ്പീക്കറായി ശ്രീ. മൗലങ്കറേയും തെരഞ്ഞെടുക്കുകയാണുണ്ടായതു്. പൊതുജനമദ്ധ്യത്തിൽ ശ്രീ. മൗലങ്കർ തൻറെ സേവനം അനുഷ്ഠിക്കുന്നിടത്തോളം കാലം അദ്ദേഹം തന്നെ പാർലമെൻറിലെ സ്പീക്കർ ആയിരിക്കണമെന്നുള്ള അഭിലാഷം പൊതുജനങ്ങൾക്കു ഉണ്ടാകത്തക്കവണ്ണം അദ്ദേഹത്തിൻറെ പ്രസിദ്ധിയും, പ്രാമാണ്യവും ഇതിനകം അദ്ദേഹം ആർജ്ജിച്ചിട്ടുണ്ടു്. അങ്ങിനെയിരിക്കെയാണു് അദ്ദേഹം മൃതിയടഞ്ഞു എന്ന വർത്തമാനം ഇന്നലെ ഉച്ചയോടുകൂടി നമുക്കറിയാൻ കഴിഞ്ഞതു്. ശ്രീ. മൗലങ്കറുടെ

LIBRARY ARCHIVES Kerala Legislative Assembly

അകാല നിര്യാണം നമ്മുടെ പാർലമെൻറ് ജീവിതത്തിനു ദാരിദ്ര്യം ഉണ്ടാക്കുന്ന ഒരവസ്ഥയാണു് വരുത്തിക്കൂട്ടിയിരിക്കുന്നതു്. ലോകത്തു് എല്ലാ രാജ്യങ്ങളിലുമുള്ള പാർലമെൻറുകളുടെ ചരിത്രം പരിശോധിച്ചുനോക്കുകയാണെങ്കിൽ അങ്ങനെയുള്ള പാർലമെൻറ് ളിൽ ഉണ്ടായിരുന്ന ഉത്തമന്മാരായ സ്പീക്കന്മാരുടെ കൂട്ടത്തിൽ അത്യുന്നതമായ ഒരു സ്ഥാനമാണു് പരേതനു് ഉണ്ടായിരുന്നതെന്നു് സധൈര്യം എനിക്കു പറയുവാൻ കഴിയും. അദ്ദേഹത്തിൻെറ അകാല നിര്യാണത്തിൽ ഈ സഭയ്ക്കുള്ള അഗാധമായ ഖേദം രേഖപ്പെടുത്തണമെന്നു് അഭിപ്രായപ്പെട്ടുകൊണ്ടു് ബഹുമാനപ്പെട്ട സ്പീക്കർ കൊണ്ടുവന്നിട്ടുള്ള റെസലൂഷനെ ഞാൻ ഹാർദ്ദമായി പിൻതാങ്ങുകയാണു് ചെയ്യുന്നതു്.

ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി : സർ, കേന്ദ്ര പാർലമെൻറിലെ സ്പീക്കർ ശ്രീ. മാവലങ്കറുടെ അകാല നിര്യാണത്തിൽ ഞങ്ങൾക്കു അതിയായ ഖേദം ഉണ്ടു്. ഇൻഡ്യയുടെ സ്വാതന്ത്ര്യലബ്ധിക്കുശേഷം പാർലമെൻറിലെ ആദ്യത്തെ സ്പീക്കറാണു് ശ്രീ. മാവലങ്കർ. വളരെ കൃത്യനിഷ്ഠയോടും, സഭാവത്സല്യത്തോടുംകൂടി സ്തുത്യർഹമായ വിധത്തിൽ സേവനം അനുഷ്ഠിച്ചിട്ടുള്ള ഒരു വ്യക്തിയാണു അദ്ദേഹമെന്നു് പറയാൻ എനിക്കു സന്തോഷമുണ്ടു്. അദ്ദേഹത്തിൻെറ പൊതുജീവിതത്തിൽ സമാർജ്ജിച്ചിട്ടുള്ള പ്രശസ്തിയേയും, പ്രാമാണ്യത്തേയും ആക്കും വിസ്മരിക്കാൻ സാദ്ധ്യമല്ല. അങ്ങനെയുള്ള ഒരു മഹൽ വ്യക്തിയുടെ അകാലചരമത്തിൽ ഉണ്ടായിട്ടുള്ള ഞങ്ങളുടെ ഖേദം അറിയിച്ചു പറഞ്ഞുകൊണ്ടു്, സർ, ഞങ്ങൾ സഭയിൽ കൊണ്ടുവന്നിട്ടുള്ള പ്രമേയത്തെ സർവ്വാത്മനാ അനുകൂലിച്ചുകൊള്ളുന്നു.

SHRI A. THANU PILLAI : Sir, I wish to associate myself with the sentiments already expressed here with reference to the great Speaker whose loss the whole country mourns today. At the start of Popular Government in India, the existence of a Speaker like Shri G. V. Mavlankar has certainly been a great advantage to our country. His deep learning, absolute impartiality, commanding decorum and efficiency in managing the business of Parliament are qualities that are rarely combined in an individual. He has rendered service to the country with the help of these qualities. I have had occasion to see him functioning as a Speaker for some time when I was a member of the Constituent Assembly which was then the Parliament also. Anybody would be impressed with the ease with which he controlled the House and saw that the business was carried on with absolutely no waste of time and with great expedition and efficiency. His example has been followed by other Speakers in the Country. We cannot yet say that Parliamentary traditions have been well-established in India. It is a great loss to us that he has ceased to function; but so long as he has functioned, he

LIBRARY ARCHIVES Kerala Legislative Assembly

has laid the foundations well and, I hope, Sir, that his great example will be emulated for long years to come not only in the Central Parliament of India but in all the Legislatures of the land. I join with the Leader of the House and the hon. Member who spoke before me in expressing our feelings of loss and our condolences to the nation and to the bereaved family.

ശ്രീ. എം. പി. മേനോൻ: സർ, ലോകസഭാ സ്പീക്കറുടെ നിര്യാണത്തെ സംബന്ധിച്ച് ഇവിടെ പ്രകടിപ്പിച്ച വികാരങ്ങളോട് ഞാൻ യോജിക്കുന്നു. വളരെ നിഷ്കർഷബുദ്ധിയോടെ, പ്രതിപക്ഷങ്ങളുടെപോലും ബഹുമാനവും, സ്നേഹവും സമാർജ്ജിക്കത്തക്ക നിലയിൽ സേവനം അനുഷ്ഠിച്ച ഒരു ഉന്നത വ്യക്തിയാകുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ നിര്യാണം അദ്ദേഹത്തെപ്പറ്റി അറിവുള്ളവർക്കെല്ലാം ഒരു തീരാദുഃഖത്തിനിടയാക്കിയിട്ടുണ്ട്. കഴിഞ്ഞ കാലത്തേയ്ക്കു ഒന്നു തിരിഞ്ഞു നോക്കുകയാണെങ്കിൽ ശ്രീ. മവലങ്കറെപ്പോലെ ഉന്നതന്മാരായ അധികം വ്യക്തികളെ നമുക്കു കാണാൻ കഴിഞ്ഞിട്ടില്ല. ഇൻഡ്യയുടെ സ്വാതന്ത്ര്യസമരത്തിൽ ഉന്നത നിലവാരം കൈക്കൊണ്ടിട്ടുള്ള അപൂർവ്വം ചില വ്യക്തികളുടെ ഇടയിൽ അദ്ദേഹത്തിനു് സമുന്നതമായ ഒരു സ്ഥാനമാണു് ഉണ്ടായിരുന്നതു്. എന്നാൽ അവരിൽ പലരും നമ്മെ വിട്ടുപിരിഞ്ഞു പോയിരിക്കുകയാണു്. അങ്ങിനെ രാഷ്ട്രത്തിനുവേണ്ടി മഹൽ സേവനമനുഷ്ഠിച്ചിട്ടുള്ള പഴയ തലമുറകളിൽ ഒന്നൊന്നായി മാഞ്ഞുപോയിക്കൊണ്ടിരിക്കുന്നു. അവരുടെ സ്ഥാനം ഏറ്റെടുക്കുവാൻ കഴിവുള്ളവരായ പുതിയ തലമുറയിലും വിരളമായേ കാണുന്നുള്ളൂ. ഏതായാലും ശ്രീ. മവലങ്കറുടെ അകാല നിര്യാണം ഇൻഡ്യയുടെ പൊതു ജീവിതത്തിൽ ഉണ്ടായിട്ടുള്ള ഒരു തീരാനഷ്ടമാണെന്ന അഭിപ്രായപ്പെട്ടുകൊണ്ടു് അങ്ങു ഇവിടെ കൊണ്ടുവന്നിട്ടുള്ള പ്രമേയത്തോടു്, ഈ സഭയിലെ മറ്റു് ബഹുമാനപ്പെട്ട അംഗങ്ങളോടൊപ്പം യോജിച്ചുകൊണ്ടു്, ഞാനും രേഖപ്പെടുത്തിക്കൊള്ളുന്നു.

ശ്രീ. കെ. ബാലകൃഷ്ണൻ: സർ, ലോകസഭാസ്പീക്കർ ശ്രീ. മവലങ്കറുടെ നിര്യാണം സംബന്ധിച്ചു് അവതരിപ്പിച്ചിട്ടുള്ള അങ്ങയുടെ പ്രമേയത്തോടു് ഞാനും എന്റെ പാർട്ടിയും യോജിക്കുന്നു. നമ്മുടെ പാർലമെന്ററി പ്രവർത്തനങ്ങൾക്കു് ഒരു തീരാനഷ്ടമാണു് അദ്ദേഹത്തിന്റെ വേർപാടു്. ഇൻഡ്യയുടെ എല്ലാഭാഗത്തുമുള്ള നിയമസഭകളിൽനിന്നും ഇന്നു ഈ ശബ്ദം ഉയരുന്നുണ്ടു്. നാം പാർലമെന്ററി ഡെമോക്രസിയുടെ പരീക്ഷണഘട്ടത്തിലാണു്. ഭരണകക്ഷി, പ്രതിപക്ഷകക്ഷിയുടെ ഉത്തരവാദിത്വവും അവകാശങ്ങളും ശരിക്കു മനസ്സിലാക്കി പ്രവർത്തിക്കാൻ ഇനിയും ബഹുദൂരം പോകേണ്ടിയിരിക്കുന്നു. ഈ നിലയിൽ സൂര്യപുരുഷൻ ആശാവഹമായ ഒരു പാരമ്പര്യം സൃഷ്ടിച്ചിട്ടുണ്ടു്. അദ്ദേഹത്തെപ്പോലുള്ള സ്പീക്കന്മാർ നമ്മുടെ പാർലമെന്ററി വളർച്ചയ്ക്കു ഇന്നു എറ്റവുമധികം ആവശ്യമാണു്. അതാണു് ആ വേർപാടു വളരെ ഖേദമുളവാക്കിയതായി തോന്നുന്നതു്. എല്ലാ വിഭാഗങ്ങളുടെയും സമ്മതം സമ്പാദിക്കത്തക്കവിധം ഒരു സ്പീക്കറായിരിക്കുക ക്ഷിപ്രസാദ്ധ്യമല്ല. അവിടെയാണു് ശ്രീ. മവലങ്കറുടെ അത്ഭുതകരമായ ഒരു വിജയമായി നാം കാണേണ്ടതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. പി. മേനോൻ സൂചിപ്പിച്ചതുപോലെ നമ്മുടെ പൊതുക്കാര്യജീവിതത്തിൽ മായാത്ത വ്യക്തിമുദ്ര പതിച്ചിട്ടുള്ള ആളുകൾ കഴിഞ്ഞകുറെ കാലങ്ങളായി നമ്മെ വിട്ടുപിരിഞ്ഞുകൊണ്ടിരിക്കുന്നു. സ്വാതന്ത്ര്യസമരം നടത്തിക്കൊണ്ടിരുന്ന കാലത്തുതന്നെ അങ്ങനെയുള്ള സ്ത്രീക്കുന്മാരും സാമാജികന്മാരും നമുക്കു് നേതൃത്വം നൽകിയിട്ടുണ്ടു്. നമ്മുടെ രാജ്യത്തു് ഭരണപരമായ കാര്യങ്ങൾക്കു് യാതൊരു വിഘാതവും ഉണ്ടാക്കാൻ നിയമസഭയ്ക്കു കഴിയാത്തകാലത്തുപോലും ഒരു കൂടത്തെ നിയന്ത്രിച്ചുകൊണ്ടുപോയിട്ടുള്ള സ്ത്രീക്കുന്മാർ നമ്മുടെ ഇടയിൽ ഉണ്ടായിട്ടുണ്ടു്. അവരുടെ പാരമ്പര്യം ഉടൻതൊണ്ടുപോകുവാൻതക്ക വ്യക്തിമുദ്ര പതിച്ചിട്ടുള്ള നേതാക്കന്മാരെ വളർത്തുകയാണു് ഈ സന്ദർഭത്തിൽ നാം ചെയ്യേണ്ടതു്. അവിടെ ശ്രീ. മാവലങ്കർ ജ്യോതിസ്സുമങ്ങാത്ത ഒരു കെടാവിളക്കുപോലെ എക്കാലത്തും നമുക്കു മാർഗ്ഗനിർദ്ദേശം നൽകി തിളങ്ങിക്കൊണ്ടിരിക്കും. ഈ നഷ്ടത്തിൽ ഹൃദയംനൊന്തു അനുശോചിക്കുകയും ആ കാര്യത്തിൽ അങ്ങേയോടും മറ്റു് ബഹുമാന്യ മെംബറന്മാരോടും യോജിക്കുകയും ചെയ്യുന്നു.

SHRI A. A. D. LUIZ: Sir, I feel it is my duty to associate myself with the reference that you have made at the demise of hon. Speaker Mr. G. V. Mavlankar, the first Speaker of the first Parliament of Free India.

Late Shri Mavlankar, son of a member of the Provincial Judicial Service had a chequered career. He matriculated in 1904, graduated in 1908, passed the Dakshina Fellowship in 1909 and though he had no aptitude for law, at the instance and with the assistance of his maternal grandfather, his *de facto* guardian, he completed his LL. B. in 1912. A year later he joined the Servants of India Society and in February 1913 much opposed to his original inclinations, he was enrolled as a lawyer. We could rightly say that he took up service to the society in which he was placed.

Shri Mavlankar believed in destiny and his famous maxim was "Thou has a right to action but only to action, never to its fruits; let not the fruits of thy work be thy motive neither let there be in thee any attachment to inactivity."

Sir, there is another great statement which he made on Sunday the 9th May 1954, which caught my attention and I think, also of some of the hon. Members of this House. That statement was: "Truth pays, even as a policy". Sir, there is much in these words in every walk of life, and I am sure we respect late Shri Mavlankar for having adopted a life in perfect consonance with great precepts he preached.

LIBRARY ARCHIVES Kerala Legislative Assembly

On Monday, the 17th November 1947, the hon. Dr. Rajendra Prasad announced that late Shri G. V. Mavlankar who was proposed by Shri Satyanarayan Sinha and Shri Seth Govindas and seconded by Shri Mohan Lal Saksena and Shri K. M. Munshi who is well-known to us has been elected unanimously to be the first Speaker of the first Parliament of Free India. Sir, we are thoroughly conversant with the fact that apart from the dignity of holding the office of the first Speaker, he happened to be the Speaker who was returned to our Lok Sabha unopposed.

If I remember correct, the following were the words used by Pandit Jawaharlal Nehru who was the first to congratulate Shri Mavlankar on his election as the Speaker. Pandit Nehru said: "Sir, you bring us the accumulated wisdom of that high office, and those of us who have had the privilege of knowing you, honour you as a councillor, a friend, a guide and a leader in this House." Sir, I emphatically say that he carried the dignity of every compliment that is contained in those words.

Sir, it is a matter of great gratification and pleasure to the sons of India that Shri Mavlankar accepted that high office in difficult times and discharged his duties in the best possible manner. First, as the Speaker of the Bombay Legislature and later as the Speaker of the Parliament he made his great contributions. I will be very correct in stating on the floor of this House that he faced all difficult problems, guided India's Parliament and earned for himself the cherished status of a true and trusted guide.

Sir, I have one more remark to make. During his career as the Speaker of our Lok Sabha, he showed all sympathies when issues regarding the minorities came up for discussion. He held that great office without fear and favour and made his valuable contributions not only to the Lok Sabha but to all the sons of the great Bharat. May his soul rest in peace!

MR. SPEAKER: The following resolution may be passed by the House:—

"The Travancore-Cochin Legislative Assembly learns with the deepest regret the sad demise of Shri G. V. Mavlankar, Speaker, Lok Sabha yesterday. A friend, philosopher and guide to all Speakers and Legislatures of India, he was known throughout the democratic world as a staunch

LIBRARY ARCHIVES Kerala Legislative Assembly

exponent of Parliamentary Government. Parliamentary life in India will be poorer by the disappearance of this great patriotic personality from our midst. This Assembly places on record the valuable services rendered by him and resolves to convey the heartfelt sympathy to the members of the family of the deceased."

We shall stand for two minutes as a mark of respect to the memory of the deceased.

All the members stood in silence for two minutes.

MR. SPEAKER: We will now adjourn and meet again at 8 A. M. tomorrow.

The Assembly adjourned at 8.25 A. M. to meet again at 8 A. M. on Wednesday, the 29th February 1956.

LIBRARY ARCHIVES Kerala Legislative Assembly